ക്ലസ്റ്റർ വികാസ് യോജന പദ്ധതി

*10 [326] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

" ഡൊമിനിക് പ്രസന്റേഷൻ:

" വി. ഡി. സതീശൻ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ബോർഡിന്റെ മില്ലേനിയം ഡവലപ്പ്മെന്റ് മിഷൻ പ്രോഗ്രാമിന്റെ ഭാഗമായി യൂണിറ്റുകൾക്ക് പരിശീലനം നൽകുന്നതിനും അവയെ ആധുനീകരിക്കുന്നതിനുമുള്ള ക്ലസ്റ്റർ വികാസ് യോജന പദ്ധതി നടപ്പാക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) എങ്കിൽ കേരളത്തിൽ എത്ര യൂണിറ്റുകളിലാണ് പദ്ധതി നടപ്പാക്കുന്നത്;

(സി) കേരളത്തിൽ എത്ര യൂണിറ്റുകൾക്ക് ഈ ആനുകൂല്യം ലഭിച്ചു;

(ഡി) ഈ ക്ലസ്റ്ററുകൾ പ്രവർത്തനം തുടങ്ങിയോ എന്ന് വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ—ഡി) കയർ ബോർഡിന്റെ മില്ലേനിയം ഡവലപ്പ്മെന്റ് മിഷൻ പ്രോഗ്രാമിന്റെ ഭാഗമായി ക്ലസ്റ്റർ വികാസ് യോജന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എന്നാൽ ആയതിന്റെ പ്രൊപ്പോസൽ അംഗീകാരത്തിനായി കേന്ദ്രഗവൺമെന്റിലേയ്ക്ക് കയർ ബോർഡ് അയച്ചിട്ടില്ല. ഇതു സംബന്ധിച്ച പദ്ധതികൾ തയ്യാറാക്കി വരുന്നതേയുള്ളൂ. സംസ്ഥാനത്തിനുള്ള പ്രത്യേക പദ്ധതികൾ തയ്യാറാക്കുന്നതിനായി കയർ ബോർഡിനോടാവശ്യപ്പെട്ടിട്ടുണ്ട്.

മില്ലേനിയം ഡവലപ്പ്മെന്റ് മിഷൻ പ്രോഗ്രാം

*11 [327] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

" പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ബോർഡിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് മൂവായിരം കോടി രൂപയുടെ മില്ലേനിയം ഡവലപ്പ്മെന്റ് മിഷൻ പ്രോഗ്രാം നടപ്പാക്കാൻ ഉദ്ദേശ്യമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly